## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## 2018 ജൂൺ 05, ചൊവ്വ

### നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : *38
ശ്രീ. പി.സി. ജോർജ്

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് നിലവിൽ വരുമെന്ന് വിശദമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം.54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെങ്കിലും ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നിലവിൽ വരികയുള്ളു. ടി സാഹചര്യത്തിൽ മാത്രമേ ഇൻഷ്വറൻസ് കമ്പനി, പദ്ധതിയിലുള്ള ആശുപത്രികൾ എന്നിവ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളു. |
| (ബി) | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഏത് പൊതുമേഖലാ കമ്പനിയുമായിട്ടാണ് കരാർ ഒപ്പിടുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ; | |
| (സി) | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് സർവ്വീസ് സംഘടനകൾ നൽകിയ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സർവ്വീസ് സംഘടനകളിൽ നിന്ന് ലഭ്യമായ നിർദ്ദേശങ്ങളിൽ പ്രായോഗികവും, പദ്ധതിയുടെ സാഹചര്യങ്ങൾക്ക് അനുയോജ്യവുമായവ പരിഗണിച്ചുവരുന്നു. |

അക്കൗണ്ട്സ് ഓഫീസർ